**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1266** **04-07-2022 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ കിഫ്ബി അനുമതി നൽകിയ റോഡുകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനകാര്യ അനുമതി നൽകിയ പൊതുമരാമത്ത് റോഡുകളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ കിഫ്ബി ധനകാര്യ അനുമതി നൽകിയ കെ.ആർ.എഫ്.ബി മുഖേന നടപ്പിലാക്കുന്ന റോഡുകളുടെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | പ്രവൃത്തിയുടെ പേര് | കിഫ്ബിയുടെ സാമ്പത്തികാനുമതി | പ്രവൃത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പുന്നക്കടവ് -പുതിയ പുഴക്കര – ഏഴിമല റെയിൽവേ സ്റ്റേഷൻ റോഡ് | 17.23 കോടി രൂപ Order No. APR-1/35/2018/KIIFB dated 17.01.2018 | പ്രസ്തുത പ്രവൃത്തിക്ക് 16.22 കോടി രൂപയ്ക്ക് എഗ്രിമെന്റ് നം.53/PWD004-97/PD/PMU-KRFB/2018-19, 01.11.2018 പ്രകാരം കരാർ നൽകി. പ്രവൃത്തിയുടെ കരാറുകാരൻ മരണപ്പെട്ടതിനെ തുടർന്ന് കരാറുകാരന്റെ നോമിനി മാനേജിങ് ഡയറക്ടർ ആയിട്ടുള്ള കമ്പനിക്ക് പ്രവൃത്തി നടത്തുവാനുള്ള കരാർ 05.05.2022 ൽ നൽകി. പ്രവൃത്തി പുരോഗമിച്ച് വരികയാണ്. 55 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | കുപ്പം - ചുടല – പാണപ്പുഴ – കണാരംവയൽ റോഡ് | 57.59 കോടി രൂപ Order No. APR-1/310/2018/KIIFB dated 16.03.2018 | പ്രസ്തുത പ്രവൃത്തി 52.66 കോടി രൂപയ്ക്ക് എഗ്രിമെന്റ് നം.39/PWD004-119/PD/PMU-KRFB/2018-19, 09.10.2018-ൽ കരാർ നൽകി. പ്രവൃത്തിയുടെ കരാറുകാരൻ മരണപ്പെട്ടതിനെ തുടർന്ന് കരാറുകാരന്റെ നോമിനി മാനേജിങ് ഡയറക്ടർ ആയിട്ടുള്ള കമ്പനിക്ക് പ്രവൃത്തി നടത്തുവാനുള്ള കരാർ 27.01.2022-ൽ നൽകി. 2022 ജൂലൈ 26 വരെയാണ് പ്രവൃത്തിയുടെ കരാർ കാലാവധി. റോഡിന്റെ പ്രവൃത്തി പുരോഗമിച്ച് വരികയാണ്. 88 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | തളിപ്പറമ്പ് - പട്ടുവം - ചെറുകുന്ന് റോഡ് | 20.36 കോടി രൂപ Order No. APR-1/255/2018/KIIFB dated 14.03.2018 | പ്രസ്തുത പ്രവൃത്തി 18.234 കോടി രൂപയ്ക്ക് എഗ്രിമെന്റ് നം.60/PWD004-118/PD/PMU-KRFB/2018-19, 09.11.2018-ൽ കരാർ നൽകുകയും റോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 4 | ചന്ദപ്പുര – പരിയാരം - മെഡിക്കൽ കോളേജ് - ശ്രീസ്ഥ – നെരുവമ്പ്രം - കോട്ടക്കീൽ - വെള്ളിക്കീൽ - ഒഴക്രോം - കണ്ണപുരം റോഡ് | 38.89 കോടി രൂപ Order No. APR-3/337/2017/KIIFB dated 01.01.2018 | പ്രസ്തുത പ്രവൃത്തി 35.092 കോടി രൂപയ്ക്ക് എഗ്രിമെന്റ് നം.63/PWD004-89/PD/PMU-KRFB/2018-19, 27.11.2018-ൽ കരാർ നൽകുകയും 99 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ